GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR.21/2026 09.02.2026

**മൂല്യവർദ്ധനവിലൂടെ വരുമാന വർദ്ധനവ് നേടുവാൻ കർഷകർക്ക് പ്രൊജക്റ്റ് തയ്യാറാക്കാൻ പരിശീലനം നൽകും: കൃഷി മന്ത്രി പി പ്രസാദ്.**

വൈഗ 2026 – വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) ക്ലിനിക് ഉദ്ഘാടന സമ്മേളനം ഓൺലൈൻ ആയി കൃഷി മന്ത്രി പി. പ്രസാദ് നിർവ്വഹിച്ചു. DPR Clinic എന്ന ആശയം യാഥാർത്ഥ്യമാക്കിയ ഒരു അനുഭവം കേരള സംസ്ഥാന കൃഷി വകുപ്പിന് ഉണ്ട്. വൈഗയുടെ ഭാഗമായി ഡിപിആർ ക്ലിനിക്ക് സംഘടിപ്പിക്കുകയും എല്ലാ വിഭാഗം ആളുകളെയും അതിലേക്ക് ഉൾക്കൊള്ളിച്ചുകൊണ്ട് അത് ഫലപ്രദമായി നടപ്പിലാക്കുവാനും സാധിച്ചതായി കൃഷി വകുപ്പ് മന്ത്രി അറിയിച്ചു. കൃഷി വകുപ്പിലെയും കൃഷിയുമായി ബന്ധപ്പെട്ട മറ്റു വകുപ്പുകളിലെയും പൂർണ്ണമായ സഹായത്തോടെയും സഹകരണത്തോടെയും ആണ് ഡി പി ആർ നടപ്പിലാക്കുവാൻ സാധിച്ചത്. സാധാരണ കാർഷിക മേഖലയിൽ സംരംഭകരാകാൻ ആഗ്രഹിക്കുന്നവർ മറ്റു വകുപ്പുകളെ ആശ്രയിക്കുന്നതായാണ് കാണാറുള്ളത് കാർഷിക മേഖലയിൽ സംരംഭകരാകാൻ ആഗ്രഹിക്കുന്നവരെ സഹായിക്കുക എന്ന ആശയത്തോടെയാണ് ആദ്യത്തെ ഡിപിആർ ക്ലിനിക്കിലേക്ക് ചുവടുവെച്ചത്. കൃഷിവകുപ്പിന്റെ, സർവകലാശാലയുടെ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കേന്ദ്ര– ഗവൺമെന്റ് സ്ഥാപനങ്ങളുടെ ഉൾപ്പെടെ എല്ലാ പിന്തുണയും സഹകരണവും ലഭിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട നല്ലൊരു ഡിപിആർ ക്ലിനിക്ക് നടപ്പിലാക്കുവാൻ കഴിഞ്ഞു.

ഏതൊരു സംരംഭത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട അടിത്തറ സംരംഭകൻ ആകാൻ ആഗ്രഹിക്കുന്ന ആൾ അയാളുടെ മനസ്സിലൂടെ ഉടലെടുത്ത ആശയങ്ങൾ ഫലപ്രദമായി മറ്റൊരാളോട് അവതരിപ്പിക്കുവാനും ബാങ്ക് ലോൺ പോലുള്ള കാര്യത്തിനു വേണ്ടി അത് ഒരു പ്രൊജക്റ്റാക്കി വിനിയോഗിക്കാൻ കഴിയുമോ എന്നുള്ള ആശയങ്ങൾ ചർച്ച ചെയ്തു പ്രൊജക്ടാക്കുന്ന ഒരു വേദിയാണ് ഡിപിആർ ക്ലിനിക്. ഡി പി ആർ ക്ലിനിക്ക് ഒരു ലോൺ എടുക്കുന്നതിനുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ട് മാത്രമല്ല ഒരു സംരംഭകനാകാൻ ആഗ്രഹിക്കുന്ന ഒരാൾ അയാളുടെ മനസ്സിലുള്ള ആശയവും ഒരു സംരംഭമായി മാറ്റാൻ കഴിയുമോ എന്നുകൂടി പരിശോധിക്കുന്നതാണ് ഡിപിആർ ക്ലിനിക്. കഴിഞ്ഞവർഷത്തേതിൽ നിന്നും കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിലുള്ള ഡിപിആർ ക്ലിനിക് ആണെന്നും കഴിഞ്ഞ വൈഗ വേദിയിൽ 50 പേർക്ക് നടത്തിയ ഡിപിആർ ക്ലിനിക്കിൽ നിന്നും 33 പേർക്ക് കാനറാ ബാങ്ക് വഴി ലോൺ ലഭ്യമാക്കുമെന്നും കാനറ ബാങ്ക് പ്രതിനിധി പറഞ്ഞതായി മന്ത്രി പറഞ്ഞു. നമ്മുടെ സംരംഭകർക്ക് ലോകത്ത് തന്നെ ഒരു ഇടം കിട്ടുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഡി പി ആർ ക്ലിനിക് കൊണ്ട് ഉദ്ദേശിക്കുന്നത് എന്നും മന്ത്രി ചടങ്ങിൽ പറഞ്ഞു.

SFAC എം ഡി രാജേഷ് കുമാർ. എസ് സ്വാഗതം പറഞ്ഞ ചടങ്ങിൽ കൃഷിവകുപ്പ് ഡയറക്ടർ ഡോ. ശ്രീരാം വെങ്കിട്ടരാമൻ ഐഎഎസ് അധ്യക്ഷത വഹിച്ചു. സോയിൽ കൺസർവേഷൻ ഡയറക്ടറും KABCO അഡീഷണൽ എംഡിയുമായ സാജു. കെ. സുരേന്ദ്രൻ ഐ. ഇ. എസ്., കേരള കാർഷിക സർവകലാശാല എൻജിനീയറിങ് വിഭാഗം ഡോ. കെ. പി. സുധീർ എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ. കെ. പി. സുധീർ ഡി പിആർ ക്ലിനിക്കിനെ കുറിച്ച് വിഷയാവതരണവും നടത്തി. സമേതി ഡയറക്ടർ മിനി. റ്റി. നന്ദിയും പറഞ്ഞു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**